ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ചികിത്സാധന സഹായം നൽകുന്ന പദ്ധതി നിലവിലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ നിന്നും തൊഴിലാളികൾക്ക് ചികിത്സാ സഹായം നൽകുന്നതിന് സർക്കാർ ആശുപത്രികളും സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റ് ആശുപത്രികളും ബോർഡ് നിശ്ചയിക്കുന്ന ആശുപത്രികളും പരിഗണിക്കുന്നുണ്ട്.

(ബി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി

52 (1204) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെ തസ്തികകളിൽ പൊതുവിഭാഗത്തിലും വിദഗ്ദ്ധ ചികിത്സാ വിഭാഗത്തിലും എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിഭാഗം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) ഡോക്ടർമാരുടെ അഭാവം മൂലം രോഗികളായ തൊഴിലാളികൾക്ക് ഉണ്ടാകുന്ന വിഷമതകൾ കണക്കാക്കി ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള 21 മെഡിക്കൽ ഓഫീസർമാരുടെ തസ്തികകളിൽ (സൂപ്രണ്ട് 1, പൊതുവിഭാഗം-13, സ്പെഷ്യലിസ്റ്റ് 7) പൊതുവിഭാഗത്തിൽ 7 പേരുടെ ഒഴിവും, സ്പെഷ്യലിസ്റ്റ് വിഭാഗത്തിൽ ഒരൊഴിവുമാണ് (സർജൻ) നിലവിലുള്ളത്.

(ബി) പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

പണിപൂർത്തീകരിച്ച ജലസേചന പദ്ധതികൾ

53 (1205) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2000-2001 വർഷത്തിൽ പണിപൂർത്തീകരിച്ച ജലസേചന പദ്ധതികൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly